പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.662

29.06.2015 ൽ
മറുപടിയ്ക്ക്

## യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഹൈബി ഈഡൻ: | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;<br><br>(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ;<br><br>(സി) പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | എ) (ബി) (സി) യുവജനക്ഷേമ ബോർഡ് വഴി യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. <u>ജീവദായിനി - സമഗ്ര രക്തദാന പദ്ധതി</u><br>അടിയന്തിര ഘട്ടങ്ങളിൽ സുരക്ഷിതവും സൗജന്യവുമായിട്ടുള്ള രക്തദാനം, സന്നദ്ധ രക്തദാന ഗ്രൂപ്പ് രൂപീകരണം, രക്തദാതാക്കളുടെ ഡേറ്റാ ബാങ്ക്, ഓൺലൈൻ ഡേറ്റാ ബാങ്ക്, രക്തബാങ്കുകളിൽ രക്തം ലഭ്യമാക്കുക തുടങ്ങിയവയാണ് ജീവദായിനി പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>2. <u>സംരംഭകത്വ വികസന പദ്ധതി</u><br>കേരളത്തിലെ യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭകരാകാൻ പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം അഹമ്മദാബാദിലെ Entrepreneurship Development Institute of India എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ നടത്തി വരുന്നു. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലായി 18 ബാച്ചിനാണ് പരിശീലനം നൽകിയത്. ഒരു ബാച്ചിന് 4 ആഴ്ച നീണ്ടു നിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. നാളിതുവരെ 498 പേർ പരിശീലനം നേടുകയും 200 പേർ സ്വയം സംരംഭകരാകുകയും ചെയ്തിട്ടുണ്ട്. |

സാഹസിക പരിപാടികൾ

സാഹസികതയിലൂടെ യുവജനങ്ങളിൽ മാനസികമായ ധൈര്യം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ദേവികുളം, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സാഹസിക അക്കാഡമികളുടെ ആഭിമുഖ്യത്തിൽ അഡ്വഞ്ചർ കാർണിവൽ, പ്രതിമാസ ട്രെക്കിംഗ് പരിശീലന പരിപാടികൾ, റോക്ക് ക്ലൈംബിംഗ്, റിവർ ക്രോസിംഗ്, ആർച്ചറി പരിശീലനം, വിവിധ സാഹസിക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. 2015 ഏപ്രിൽ 14 മുതൽ 18 വരെ പാലക്കാട് തൃത്താല വച്ചും 19 മുതൽ 23 വരെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വച്ചും അഡ്വഞ്ചർ കാർണിവൽ നടത്തുകയുണ്ടായി. ഇതിനായി 7,80,000/- രൂപ പാലക്കാട് തൃത്താലയിലും 7,00,000/- രൂപ തൃശ്ശൂർ ഹരിപ്പാട്ടും അനുവദിക്കുകയുണ്ടായി.

ട്രൈബൽ ഫെസ്റ്റ്

സംസ്ഥാനത്ത് നിലനിൽക്കുന്നതും അന്യംനിന്നു പോകുന്നതുമായ ആദിവാസി മേഖലയിലെ തനത് കലകളെ പരിപോഷിപ്പിക്കുകയും അവ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്നീ ലക്ഷ്യത്തോടു കൂടി സംസ്ഥാന ട്രൈബൽ ഫെസ്റ്റിവൽ 2014 ഡിസംബർ മാസം വയനാട് ജില്ലയിൽ വച്ച് സംഘടിപ്പിച്ചു.

മേൽ വിവരിച്ച പദ്ധതികൾ കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാന മന്ദിര നിർമ്മാണം, വയനാട് ജില്ലാ യൂത്ത് ഭവൻ നിർമ്മാണം എന്നീ പദ്ധതികളും മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ